# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് തുടക്കമായി. ജനാധിപത്യത്തിന് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് തെളിയിച്ച രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The Winter session of Parliament has begun today. Prime Minister Narendra Modi said that India has proven that democracy can deliver.**

2. ശീതകാല സമ്മേളനത്തിന്റെ ആദ്യ ദിവസം ലോക്സഭയിൽ പ്രതിപക്ഷ ബഹളം. അംഗങ്ങൾ സഭയുടെ മാന്യതയ്ക്ക് അനുസരിച്ച് പെരുമാറണമെന്ന് സ്പീക്കർ ഓം ബിർള.

   **On the first day of the Winter session, there was an uproar in the Lok Sabha by the opposition. Speaker Om Birla said that members should behave in accordance with the dignity of the House.**

3. ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്ക് ഓപ്പറേഷൻ സാഗർ ബന്ധുവിലൂടെ സഹായം തുടർന്ന് ഇന്ത്യൻ വ്യോമസേന. 237 മലയാളികൾ ഉൾപ്പടെ 335 ഇന്ത്യക്കാരെ തിരികെ എത്തിച്ചു.

   **Through Operation Sagar Bandhu, the Indian Air Force continue to provide humanitarian assistance to Sri Lanka, which was devastated by Cyclone Dithwa. A total of 335 Indians, including 237 Keralites, were brought back.**

4. തദ്ദേശ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ ശേഷിക്കെ പ്രചാരണ ചൂടിൽ കേരളം. പൂരിപ്പിച്ച എന്യുമറേഷൻ ഫോം തിരികെ

നൽകാത്തവർ എത്രയും വേഗം കൈമാറണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

**With only days left for the local body elections, campaigning gears up in Kerala. Chief Electoral Officer Rathan U Kelkar urged that those who have not returned the filled-in enumeration forms should submit as soon as possible.**

5. 26-ാമത് ഹോൺബിൽ ഫെസ്റ്റിവലിന് നാഗാലാൻഡിലെ കൊഹിമയിൽ ഇന്ന് തുടക്കമാകും.

   **26th Hornbill Festival to begin today at Kisama heritage village in Kohima, Nagaland.**

6. ഇന്ത്യൻ കുടിയേറ്റക്കാരിലൂടെ യു.എസ്. സമ്പദ്‌വ്യവസ്ഥയ്ക്ക് ഏറെ പ്രയോജനം ലഭിച്ചതായി എച്ച്-1 ബി വീസ പദ്ധതിയെ ന്യായീകരിച്ച് ടെസ്‌ല സി.ഇ.ഒ. എലോൺ മസ്ക്.

   **Tesla CEO Elon Musk defends H-1B visa programme, saying US economy has benefited immensely from Indian immigrants.**

******************************

## PARLIAMENTARY WINTER SESSION (INTRO)

പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനത്തിന് തുടക്കമായി. 19 ദിവസത്തെ സമ്മേളനത്തിൽ 13 ബില്ലുകളാണ് പരിഗണിക്കുന്നത്. ആദ്യ ദിവസം ലോക്സഭയിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. അംഗങ്ങൾ സഭയുടെ മാന്യതക്ക് അനുസരിച്ച് പെരുമാറണമെന്ന് സ്പീക്കർ ഓം ബിർള പറഞ്ഞു.

(വോയിസ്)

ലോക്സഭ ആദ്യം 12 മണി വരേയും പിന്നീട് രണ്ട് മണി വരേയും നിർത്തിവെച്ചു. രാജ്യസഭയിൽ ജമ്മു കശ്മീരിൽ നിന്നുള്ള മൂന്ന് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെയാണ് നടപടികൾ ആരംഭിച്ചത്. നാഷണൽ കോൺഫറൻസ് പാർട്ടിയിൽ നിന്നുള്ള ഷമ്മി ഒബ്റോയ്, സജ്ജാദ് അഹമ്മദ് കിച്ച്ലൂ, ചൗധരി മുഹമ്മദ് റംസാൻ എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്തത്. അഞ്ച്

വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ജമ്മു കശ്മീരിന് രാജ്യസഭാ പ്രാതിനിധ്യം ലഭിക്കുന്നത്. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ രാജ്യസഭാ ചെയർമാനാകുന്ന ആദ്യ പാർലമെൻറ് സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആശംസകൾ നേർന്നു.

*****************************

## PM (INTRO)

ജനാധിപത്യത്തിന് നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് തെളിയിച്ച രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശീതകാലസമ്മേളനത്തിന് മുന്നോടിയായി പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയ സ്ത്രീകളുടെ മികച്ച പങ്കാളിത്തത്തിലൂടെ പൂർണ്ണതയിലെത്തുന്ന കാഴ്ചയ്ക്ക് നാം സാക്ഷ്യം വഹിച്ചതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് - പി എം)

*****************************

## SIR

കേരളം, തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പടെയുള്ള 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വോട്ടർ പട്ടികയുടെ തീവ്ര പരിഷ്കരണത്തിൻറെ സമയ പരിധി നീട്ടി. ഡിസംബർ 11 വരെ എന്യൂമറേഷൻ ഫോമുകൾ തിരികെ നൽകാം. 16 നാണ് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക. 2026 ഫെബ്രുവരി 14 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

*****************************

## KERALA ELECTIONS

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപന തലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്.

************************

## RATHAN U KELKAR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി 81 ശതമാനം എന്യുമറേഷൻ ഫോമുകളുടെ അപ്‌ലോഡിങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഫോം ഇതുവരെയും പൂരിപ്പിച്ചു നൽകാത്തവർ എത്രയും വേഗം ബി എൽ ഒ മാർക്ക് കൈ മാറണമെന്നും അദ്ദേഹം പറഞ്ഞു. കിടപ്പ് രോഗികൾ, പ്രായമായവർ, ശാരീരിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെ പട്ടികയിൽ ചേർക്കാൻ വിട്ടു പോയവരെ ഉൾപ്പെടുത്തുന്നതിനാണ് ഇനി കൂടുതൽ പ്രാധാന്യം നൽകുന്നത്.

************************

## OP SAGAR BANDHU

ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയിൽ 'ഓപ്പറേഷൻ സാഗർ ബന്ധു'വിൻറെ ഭാഗമായി മാനുഷിക സഹായം തുടർന്ന് ഇന്ത്യൻ വ്യോമസേന. മണ്ണിടിച്ചിലിൽ തകർന്ന കോട്മലയിൽ ഉൾപ്പടെ ഇന്ത്യൻ വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുന്നുണ്ട്. ശ്രീലങ്കയിൽ നിന്നും രക്ഷപ്പെടുത്തിയ 237 മലയാളികൾ ഉൾപ്പടെ 335 ഇന്ത്യക്കാരെ വ്യോമസേന ഇന്നലെ തിരുവനന്തപുരത്ത് എത്തിച്ചു.

അതെസമയം,ശ്രീലങ്കയിൽ ചുഴലിക്കാറ്റിനെത്തുടർന്ന് മരിച്ചവരുടെ എണ്ണം 334 ആയി.

******************************

## SARAS FOOD FESTIVAL

സരസ് ആജീവിക ഫുഡ് ഫെസ്റ്റിവലിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഉദ്ഘാടനം ചെയ്യും. കേരളം ഉൾപ്പെടെ 25 സംസ്ഥാനങ്ങളിൽ നിന്നും ഏകദേശം 300 'ലഖ് പതി ദീദിമാരും' സ്വയം സഹായ സംഘങ്ങളിലെ വനിതകളും മേളയിൽ പങ്കെടുക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ഭക്ഷ്യമേള ഈ മാസം 9 ന് സമാപിക്കും.

******************************

## GITA JAYANTI

ഇന്ന് ഗീതാ ജയന്തി. ഭഗവത് ഗീതയുടെ പ്രബോധനത്തിൻറെ പ്രാധാന്യം അനുസ്മരിക്കാനാണ് ആഘോഷം. മത വിശ്വാസങ്ങൾക്ക് ഉപരിയായി മനുഷ്യൻ നേരിടുന്ന ആത്മീയവും ഭൗതികവുമായ പ്രശ്നങ്ങൾക്ക് പരിഹാരമാണ് ഭഗവത് ഗീത മുന്നോട്ട് വെയ്ക്കുന്നത്. ഗീതാ ജയന്ത്രി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രി ജെപി നഡ്ഡ തുടങ്ങിയവർ ആശംസകൾ നേർന്നു.

******************************

## PM EX-GRATIA TAMIL NADU

തമിഴ്നാട്ടിലെ ശിവഗംഗ ജില്ലയിൽ 11 പേർ മരിക്കാനിടയായ വാഹന അപകടത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, തമിഴ്നാട് മുഖ്യമന്ത്രി തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം നൽകും.

******************************

**BREAK**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

*************************

**MUSK H-1B INDIA**

അമേരിക്കയിലെ എച്ച്-1 ബി വീസ പദ്ധതിയെ ന്യായീകരിച്ച് ടെസ്‌ല സി.ഇ.ഒ. എലോൺ മസ്ക്. ഇന്ത്യൻ കുടിയേറ്റക്കാരിലൂടെ യു.എസ്. സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ചില സ്ഥാപനങ്ങൾ വീസ സമ്പ്രദായം ദുരുപയോഗം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു. ആഗോള പ്രതിഭകളെ ആകർഷിക്കുന്നതിൽ എച്ച്-1 ബി പ്രോഗ്രാം സുപ്രധാനമായതിനാൽ ഇത് പൂർണ്ണമായി നിർത്തലാക്കുന്നതിന് പകരം ദുരുപയോഗം തടയുകയാണ് വേണ്ടതെന്നും എലോൺ മസ്ക് ആവശ്യപ്പെട്ടു.

*************************

**AIDS DAY (INTRO)**

ഇന്ന് ലോക എയ്ഡ്സ് ദിനം. "തടസ്സങ്ങളെ മറികടക്കുക, എയ്ഡ്സ് പ്രതിരോധത്തെ പരിവർത്തനം ചെയ്യുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഫലപ്രദമായ എച്ച്ഐവി പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവയിലൂടെ രോഗം നിയന്ത്രിക്കാൻ സാധിക്കും. പലപ്പോഴും രോഗബാധ തിരിച്ചറിയാൻ കഴിയാത്തതാണ് വെല്ലുവിളിയെന്ന് സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്റ്റ് ഡയറക്ടർ ഡോ. പീയൂഷ് എം. നമ്പൂതിരിപ്പാട് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

എയ്ഡ്സ് ദിനാചരണത്തിൻറെ ഭാഗമായി ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിക്ക് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ നേതൃത്വം നൽകും.

*************************

## HORNBILL FESTIVAL

26-ാമത് ഹോൺബിൽ ഫെസ്റ്റിവലിന് ഇന്ന് നാഗാലാൻഡിലെ കൊഹിമയിൽ തുടക്കമാകും. സംസ്ഥാന രൂപീകരണത്തോട് അനുബന്ധിച്ച്, പ്രധാന നാഗ ഗോത്രങ്ങളെ ഉൾപ്പെടുത്തി കിസാമ പൈതൃക ഗ്രാമത്തിലാണ് പത്ത് ദിവസത്തെ ആഘോഷം സംഘടിപ്പിക്കുന്നത്. രണ്ട് പതിറ്റാണ്ടിലേറെയായി, ലോകത്തിലെ ഏറ്റവും പ്രശസ്തമായ സാംസ്കാരിക ഉത്സവങ്ങളിലൊന്നായി ഹോൺബിൽ ഫെസ്റ്റിവൽ മാറിയിട്ടുണ്ട്.

*************************

## REV. PREZ-PM-NAGALAND

നാഗാലാൻഡ് സംസ്ഥാന രൂപീകരണ ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ആശംസകൾ നേർന്നു. സമാധാനപരവും സമൃദ്ധവുമായ ഭാവി, നാഗാലാൻറിന് ഉണ്ടാകട്ടേയെന്ന് രാഷ്ട്രപതി ആശംസിച്ചു. സേവനം, ധൈര്യം, അനുകമ്പ എന്നിവയിൽ വേരൂന്നിയ പൈതൃകമുള്ള സംസ്ഥാനം, വരും വർഷങ്ങളിൽ അഭിവൃദ്ധിയിലും പുരോഗതിയിലും മുന്നേറട്ടെയെന്ന് പ്രധാനമന്ത്രി ആശംസ സന്ദേശത്തിൽ പറഞ്ഞു.

*************************

## NAVY DAY

നാവിക ദിനാഘോഷങ്ങളുടെ ഭാഗമായുള്ള അഭ്യാസ പ്രകടനങ്ങളുടെ തയ്യാറെടുപ്പുകൾ തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. സമ്പൂർണ പരിശീലനം ഇന്ന് നടക്കും.

ബുധനാഴ്ച ശംഖുമുഖം ബീച്ചിലാണ് ദേശീയ നാവിക ദിനാഘോഷത്തിൻറെ ഭാഗമായുള്ള അഭ്യാസ പ്രകടനം നടക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും.

*****************************

## RAJ BHAVAN

സംസ്ഥാന ഗവർണർമാരുടെ ഔദ്യോഗിക വസതിയായ രാജ് ഭവൻറെ പേര് ഇന്ന് മുതൽ ലോക് ഭവൻ എന്നായി മാറും . കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ഉത്തരവിനെ തുടർന്നാണ് പേരു മാറ്റം. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറാണ് രാജ് ഭവനുകളുടെ പേരുമാറ്റം നിർദേശിച്ചത്. ലെഫ്റ്റനൻറ് ഗവർണർമാരുടെ വസതി ഇനി മുതൽ ലോക് നിവാസ് എന്നും അറിയപ്പെടും.

*****************************

## CM – NOTICE

കിഫ്ബി മസാല ബോണ്ടുകൾ പുറത്തിറക്കിയതിൽ വിദേശ വിനിമയ മാനേജ്മെന്റ് ആക്ട് ലംഘിച്ചെന്നാരോപിച്ച്, മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ ധനമന്ത്രി ടി.എം. തോമസ് ഐസക്, കിഫ്ബി സിഇഒ കെ.എം. എബ്രഹാം തുടങ്ങിയവർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നോട്ടീസ് അയച്ചു. 2019-ൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 9.72 ശതമാനം പലിശ നിരക്കിൽ ലിസ്റ്റ് ചെയ്ത മസാല ബോണ്ടുകൾ വഴി 2,150 കോടി രൂപ സമാഹരിക്കുന്നതിൽ ഫെമ മാനദണ്ഡങ്ങൾ കിഫ്ബി ലംഘിച്ചതായി ഇഡി കണ്ടെത്തി.

****************************************************************************************